**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയിൽ ഭവനരഹിതർ/ഭൂരഹിത ഭവന രഹിതർ എന്നിവർക്ക് കിടപ്പാടം നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയതിനുശേഷം ഓരോ സാമ്പത്തിക വർഷവും ആകെ എത്ര രൂപ വീതം ചെലവ് വന്നിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | ലൈഫ് പദ്ധതിയിൽ ഭവന രഹിതർ/ ഭൂരഹിത ഭവനരഹിതർ എന്നിവർക്ക് കിടപ്പാടം നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഓരോ സാമ്പത്തിക വർഷവും വന്ന ചെലവ് (കോടിയിൽ) വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br>2016-2017 - ഇല്ല<br>2017-2018 - 230.78<br>2018-2019 - 2345.12<br>2019-2020 - 3424.55<br>2020-2021 - 2299.20<br>2021-2022 - 906.35<br>2022-2023 - 98.26 |
| (ബി) | ലൈഫ് പദ്ധതിയിൽ നിലവിൽ പ്രൊവിഷണലായി 6,47,578 എണ്ണം ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങളും 2,72,678 എണ്ണം ഭൂരഹിത ഭവനരഹിത കുടുംബങ്ങളും അപേക്ഷകരായി ഉണ്ടെന്ന പ്രാഥമിക കണക്ക് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ശരിയാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | 2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 9,20,260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 6,47,092 അപേക്ഷകളും ഭൂരഹിത ഭവന രഹിതരുടെ 2,73,168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 3,79,069 ഭൂമിയുള്ള ഭവനരഹിതരും 2,02,620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ |

| | | | |
|---|---|---|---|
| | | | പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ ആരും തന്നെ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡു തല പരിശോധന നടത്തിയ അപേക്ഷകൾ പുന:പരിശോധന നടത്തുകയുണ്ടായി. അതിൻ പ്രകാരം 3,28,041 ഭൂമിയുള്ള ഭവനരഹിതരും 1,86,340 ഭൂരഹിത ഭവന രഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ള തായി കണ്ടെത്തിയിട്ടുണ്ട്. ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്ക് ശേഷം വാർഡ്സഭ/ ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്ന<br><br>തിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | പ്രസ്തുത വിഭാങ്ങൾക്ക് യഥാക്രമം നാല് ലക്ഷം രൂപ, ആറ് ലക്ഷം രൂപ എന്ന കണക്കിൽ ധനസഹായം നൽകുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതല്ലേയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിഭാഗങ്ങൾക്ക് നാല് ലക്ഷം രൂപ, 6 ലക്ഷം രൂപ എന്ന കണക്കിൽ ധനസഹായം നൽകുന്നത് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാവർക്കും കിടപ്പാടം എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് നിർദ്ധനരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗങ്ങളുടെ അടച്ചുറപ്പുള്ള ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനു വേണ്ടിയുള്ള ഈ പദ്ധതി ഒരു ബാദ്ധ്യതയായിട്ടല്ല, സർക്കാർ ഏറ്റെടുക്കേണ്ട വികസന ക്ഷേമ പ്രവർത്തനമായിട്ടാണ് കാണുന്നത്. |
| (ഡി) | നിലവിലുള്ള അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ ഈ പദ്ധതി നടപ്പിലാക്കാൻ 42000 കോടി വേണ്ടിവരുമെന്നിരിക്കെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഈ തുക എപ്രകാരം കണ്ടെത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ നൽകാമോ? | (ഡി) | ലൈഫ് 2020 പ്രകാരം ഓൺലൈനായി ലഭിച്ച 9,20,260 അപേക്ഷകരുടെ ഒന്നാംഘട്ട പരിശോധന പൂർത്തിയായപ്പോൾ 5,14,381 ഗുണഭോക്താക്കൾ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിനായി 20,600 കോടി രൂപയും ഭൂരഹിതരായവർക്ക് ഭൂമി കണ്ടെത്തി വീട് വയ്ക്കുന്നതിന് 21,195 കോടി രൂപയും കണ്ടെത്തേണ്ടതുണ്ട്. ഈ തുക ബജറ്റ് ഇതര മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുന്നതിനായി കിലയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, പ്ലാനിംഗ് ബോർഡ് എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്ന ഒരു ഉപസമിതിയെ 06.09.2021-ന് കൂടിയ ലൈഫ് മിഷൻ കർമ്മ സമിതി യോഗം ചുമതല പ്പെടുത്തിയിരുന്നു. പ്രസ്തുത ഉപസമിതി സമർപ്പിച്ച കരട് രൂപരേഖ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ